# ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST
**CLASS 9 (OSSAEEXAM 2025)**

**1) 66 അധ്യായങ്ങൾ ഉള്ള ബൃഹത്തായ ഗ്രന്ഥം വേദപുസ്തകത്തിൽ ഏത്?**
**A) യെശയ്യാവ്**
B) യിരമ്യാവ്
C) യെഹസ്കേൽ
D) ഉല്പത്തി

**2) ചെറിയ പ്രവചനഗ്രന്ഥങ്ങളിൽ ഉൾപ്പെടാത്തത് ഏത്?**
**A) ദാനിയേൽ**
B) ഹോശയാ
C) മലാഖി
D) ഹഗ്ഗായി

**3) സുന്നഗോഗ് ആരാധനയുടെ തുടക്കം എവിടെ?**
**A) ബാബിലോൺ പ്രവാസകാലത്ത്.**
B) മരുഭൂപ്രയാണ കാലത്ത്.
C) കനാൻനാട്ടിലെ ജീവിതം ആരംഭിച്ചപ്പോൾ.
D) മിസ്രയീമിലെ അടിമത്തകാലത്ത്.

**4) മിസ്രയീമിലെ മന്ത്രിയായിത്തീർന്ന യോസഫിന്റെ പിതാവ്?**
**A) യാക്കോബ്**
B) തേരഹ്
C) ഇസ്ഹാക്ക്
D) അബ്രഹാം

**5) യഹൂദന്മാരുടെ പ്രതിഷ്ഠാപെരുന്നാളിന്റെ മറ്റൊരു പേര്?**
**A) ഹനൂക്ക**
B) പുരിം
C) കൂടാരപ്പെരുന്നാൾ
D) ഹൂദോസ്ഈത്തോ

**6) വി. പൗലോസ് ശ്ലീഹായെക്കുറിച്ചുള്ള തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
**A) സ്തേഫാനോസിനോടൊപ്പം പ്രവർത്തിച്ചു.**
B) തർസോസ് ആണ് ജന്മസ്ഥലം.
C) ഗുരു ഗമാലിയേൽ ആയിരുന്നു.
D) അനന്യാസ് ആണ് സ്നാനപ്പെടുത്തിയത്.

**7) 'സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല' എന്നു പറഞ്ഞതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത് ആര്?**
**A) പൗലോസ് ശ്ലീഹ**
B) പത്രോസ് ശ്ലീഹ
C) യാക്കോബ് ശ്ലീഹ
D) യോഹന്നാൻ ശ്ലീഹ

**8) യൂറോപ്പിലെ ആദ്യത്തെ ക്രിസ്ത്യാനി എന്ന് ആരെയാണു വിശേഷിപ്പിക്കുന്നത്?**
**A) ലുദിയാ**

B) എത്യോപ്യക്കാരൻ ഷണ്ഡൻ
C) തീമോത്തിയോസ്
D) ശീലാസ്

**9) നാലു വർഷം നീണ്ടുനിന്ന മൂന്നാം മിഷനറി യാത്രയിൽ മൂന്നരവർഷവും പൗലോസ് ശ്ലീഹാ ചെലവിട്ട പ്രദേശം?**
**A) എഫേസൂസ്**
B) കൈസര്യ
C) കൊറിന്ത്
D) റോം

**10) ആദ്യത്തെ സുന്നഹദോസ് ഏത്?**
**A) യരുശലേം**
B) നിഖ്യ
C) കുസ്തന്തീനോസ് പോലീസ്
D) എഫേസൂസ്

**11) ഒമ്പതാംമണി നമസ്കാരത്തിന്റെ സമയപ്രാധാന്യം എന്ത്?**
**A) കർത്താവ് പ്രാണനെ വിട്ട സമയം.**
B) കർത്താവിനെ ക്രൂശിൽ തൂക്കിയ സമയം.
C) കർത്താവിന്റെ ശവസംസ്കാര സമയം.
D) കർത്താവിനെ ക്രൂശിൽനിന്നും ഇറക്കിയ സമയം.

**12) 'കന്യാക്ഷേപകരെ ..................... പരിഹാസത്തൊടു വീക്ഷിപ്പൂ' എന്ത്?**
**A) ഇവിടെ പറയുന്നതെല്ലാം.**
B) കുഞ്ഞാടിനെ നൽകിയ വൃക്ഷം.
C) ജലം നൽകിയ തീക്കൽപാറ.
D) നാണയം നൽകിയ മത്സ്യം.

**13) 'യാക്കോബാനന്ദിച്ചു, തോമ്മാ തൃപ്തിപ്പെട്ടു.' മത്തായി എന്തു ചെയ്തു.**
**A) സ്തോത്രം പാടി.**
B) ഓടിപ്പോയി
C) അത്ഭുതമേറി
D) ചുങ്കം പിരിവിനു പോയി.

**14) 'ദൂതഗണം തല്പതിയെ വാഴ്ത്തി ഭൂമി വിളങ്ങി' അടുത്ത വരി എഴുതുക.**
**A) ഭ്രമമൊടു കാവൽക്കാർ നിന്നു.**
B) ശത്രുക്കളിൽനിന്നും വീണ്ടു.
C) ക്രൂശിച്ചവർ ലജ്ജിച്ചേറ്റം.
D) നിൻ കൃപയെ സ്തുതി ചെയ്യുന്നു.

**15) 'ഇടവിടാതെ പ്രാർത്ഥിപ്പിൻ'. പൗലോസ് ശ്ലീഹായുടെ ലേഖനത്തിൽനിന്നും ഈ വാക്യത്തിന്റെ ശരിയായ റഫറൻസ് തെരഞ്ഞെടുക്കുക.**
**A) 1 തെസ്സലോനിക്യർ 5:17**
B) കൊലോസ്യർ 3:2
C) ഗലാത്യർ 5:20
D) ലൂക്കോസ് 18:1

**16) ക്രിസ്തീയ സഭ 'പാശ്ചാത്യം', 'പൗരസ്ത്യം' എന്നുള്ള വിഭജനം ഉണ്ടായ വർഷം?**
**A) 1054**

B) 481
C) 395
D) 330

**17) ആദ്യകാലത്ത് കേരളത്തിൽ നിലനിന്ന ക്രിസ്തീയ രാജവംശം?**
**A) വില്യാർവട്ടം**
B) ചേരമാൻ പെരുമാക്കന്മാർ
C) ചേന്നമംഗലം രാജവംശം
D) തെക്കുംകൂർ

**18) മലങ്കരസഭയെ റോമൻ കത്തോലിക്കാ ആധിപത്യത്തിൽ കൊണ്ടുവന്ന സുന്നഹദോസ്?**
**A) ഉദയംപേരൂർ**
B) മുളന്തുരുത്തി
C) നിഖ്യ
D) കൽക്കിദോൻ

**19) മലങ്കര സഭ പരിശുദ്ധരായി പ്രഖ്യാപിച്ചവരെ വിശുദ്ധ കുർബാനയിൽ ഓർക്കുന്നത് ഏതു തുബ്ദേനിൽ?**
**A) 5**
B) 4
C) 6
D) 3

**20) താഴെ പറയുന്നവരിൽ ആരാണ് കൽക്കിദോൻ സുന്നഹദോസിനു ശേഷമുള്ള പിതാവ്?**
**A) അന്ത്യോഖ്യയിലെ മാർ സേവേറിയോസ്**
B) അലക്സന്ത്രിയായിലെ മാർ ദീയസ്കോറോസ്
C) അലക്സന്ത്രിയായിലെ മാർ തിമോത്തിയോസ്
D) സ്വർണനാവുകാരനായ മാർ ഈവാനിയോസ്

**21) 'നിൻ മാതാവു വിശുദ്ധന്മാർ' എന്ന് ആരംഭിക്കുന്ന ഗീതം രചിച്ചത് ആര്?**
**A) മാർ സേവേറിയോസ്**
B) മാർ കൂറീലോസ്
C) മാർ അപ്രേം
D) മാർ ബാലായി

**22) വിശ്വാസപ്രമാണത്തിൽ പിതാവാം ദൈവത്തിന് ഉപയോഗിച്ചിട്ടുള്ള വിശേഷണങ്ങൾ?**
**A) ഇവിടെ നൽകിയിട്ടുള്ള മൂന്നും ഉപയോഗിച്ചിട്ടുണ്ട്.**
B) പിതാവ്
C) സ്രഷ്ടാവ്
D) സത്യേക ദൈവം

**23) മലങ്കര സഭ സ്വീകരിക്കാത്ത സുന്നഹദോസ്?**
**A) കൽക്കിദോൻ സുന്നഹദോസ്**
B) നിഖ്യാ സുന്നഹദോസ്
C) കുസ്തന്തിനോപോലീസ് സുന്നഹദോസ്.
D) എഫേസൂസ് സുന്നഹദോസ്

**24) വിശ്വാസപ്രമാണത്തിന്റെ മൂന്നാം ഖണ്ഡികയിൽ പരിശുദ്ധാത്മാവിനെക്കുറിച്ചു പറഞ്ഞിട്ടില്ലാത്ത ആശയം തെരഞ്ഞെടുക്കുക.**
**A) വഴി നടത്തുന്നവൻ.**
B) സകലത്തെയും ജീവിപ്പിക്കുന്നവൻ.

C) പിതാവിൽനിന്നും പുറപ്പെടുന്നവൻ.
D) നിബിയന്മാർ മുഖാന്തിരം സംസാരിച്ചവൻ.

**25) ഫിലിയോക്ക് വാദം സ്വീകരിക്കുന്ന സഭ?**
**A) റോമൻ കത്തോലിക്കാ സഭ.**
B) റഷ്യൻ ഓർത്തഡോക്സ് സഭ.
C) എത്യോപ്യൻ സഭ.
D) അർമ്മീനിയൻ സഭ.

**26) അൽവാറീസ് മാർ യൂലിയോസ് തിരുമേനിയുടെ ഓർമ്മദിനം?**
**A) സെപ്റ്റംബർ 23**
B) സെപ്റ്റംബർ 10
C) ഫെബ്രുവരി 23
D) ഫെബ്രുവരി 2

**27) കൊച്ചീമഹാരാജാവ് താണജാതിക്കാരുടെ പുനരുദ്ധാരണത്തിനായി ആവിഷ്കരിച്ച പദ്ധതിയുടെ സ്പെഷ്യൽ ഓഫീസറായി നിയോഗിക്കപ്പെട്ട ഓർത്തഡോക്സ് സഭാംഗം?**
**A) പത്രോസ് ശെമ്മാശൻ**
B) അൽവാറീസ് മാർ യൂലിയോസ്
C) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
D) പോൾ വർഗീസ് ശെമ്മാശൻ.

**28) സ്ലീബായുടെ ദാസന്മാർ എന്ന മിഷണറി സംഘം രൂപീകരിച്ചത് ആര്?**
**A) പത്രോസ് മാർ ഒസ്താത്തിയോസ്**
B) അൽവാറീസ് മാർ യൂലിയോസ്
C) ഗീവർഗീസ് മാർ ഒസ്താത്തിയോസ്
D) പൗലോസ് മാർ ഗ്രിഗോറിയോസ്

**29) 'സഭാരത്നം' പദവി നൽകി പ. സഭ ആദരിച്ചിട്ടുള്ള മെത്രാപ്പോലീത്താ?**
**A) ഗീവർഗീസ് മാർ ഒസ്താത്തിയോസ്**
B) പൗലോസ് മാർ ഗ്രിഗോറിയോസ്
C) അൽവാറീസ് മാർ യൂലിയോസ്
D) പത്രോസ് മാർ ഒസ്താത്തിയോസ്

**30) താഴെ പറയുന്നവയിൽ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയുടേതല്ലാത്ത കൃതി ഏത്?**
**A) Joy of Freedom**
B) Theology of a Classless Society.
C) One Religion of Love
D) Sharing God and a Sharing World.

**31) 'ഞാൻ നട്ടു, അപ്പൊല്ലോസ് നനച്ചു, ദൈവമേ്രത വളരുമാറാക്കിയത്.' ഈ വാക്യത്തിൽ 'ഞാൻ' ആരാണ്?**
**A) പൗലോസ് ശ്ലീഹ**
B) പത്രോസ് ശ്ലീഹ
C) യേശുക്രിസ്തു
D) കൃഷിക്കാരൻ

**32) കേരളത്തിൽ ദൂരദർശൻ കേന്ദ്രം ആരംഭിച്ച വർഷം ഏത്?**
**A) 1985**
B) 1995
C) 1970
D) 1980

**33) 'വീഞ്ഞു ചുവന്നു പാത്രത്തിൽ തിളങ്ങുന്നതും രസമായി ഇറക്കുന്നതും നീ നോക്കരുത്.' വേദപുസ്തകത്തിലെ ഏതു പുസ്തകത്തിലാണ് ഇതു പറയുന്നത്?**
**A) സദൃശ്യവാക്യങ്ങൾ**
B) സുഭാഷിതങ്ങൾ
C) 1 തീമോത്തിയോസ്
D) 2 തീമോത്തിയോസ്

**34) നല്ല യൗവനത്തിന്റെ ലക്ഷണം ചുവടെ കൊടുത്തിരിക്കുന്നതിൽ എന്ത്?**
**A) പരക്കെയുള്ള വായന.**
B) തുടർച്ചയായ മൊബൈൽ ഉപയോഗം.
C) ഇന്റർനെറ്റിൽനിന്നു മാത്രം വിവരങ്ങൾ ശേഖരിക്കുക.
D) പുസ്തകങ്ങൾ ഒഴിവാക്കുക.

**35) അലക്സാണ്ടർ ചക്രവർത്തിയുടെ പടയോട്ടം മൂലമുണ്ടായ ഗ്രീക്കു സ്വാധീനം യഹൂദന്മാരെ എങ്ങനെ ബാധിച്ചു?**
**A) ഇവിടെ പറയുന്നതെല്ലാം ശരിയാണ്.**
B) ന്യായപ്രമാണത്തിൽനിന്നും യുവതലമുറ അകന്നു.
C) മതപരമായ നിഷ്ഠകൾ അന്യമായി.
D) ഗ്രീക്കുഭാഷയിൽ വേദപുസ്തക ഭാഷാന്തരം തയ്യാറാക്കി.

**36) അന്തിയോക്കസിന്റെ മതനിന്ദയോട് എതിരിടുവാൻ തുടക്കത്തിൽ നേതൃത്വം കൊടുത്തത് ആര്?**
**A) മത്തത്തിയാസ്**
B) മക്കാബിയസ്
C) ഏലിയാസർ
D) യൂദാ

**37) യോഹന്നാൻ സ്നാപകന്റെ ശിഷ്യത്വം സ്വീകരിച്ചിരുന്ന പന്ത്രണ്ടുപേരെ മാമോദീസാ മുക്കി സഭയോടു ചേർത്തത് ആര്?**
**A) പൗലോസ് ശ്ലീഹ**
B) പത്രോസ് ശ്ലീഹ
C) തോമ്മാശ്ലീഹ
D) കർത്താവ്

**38) 'വഹിക്കുവാൻ കഴിയാത്ത നുകം' എന്ന് പത്രോസ് വിശേഷിപ്പിച്ചത് എന്തിനെ?**
**A) യഹൂദ മതാനുഷ്ഠാനങ്ങൾ.**
B) കർത്താവിന്റെ ഉപദേശങ്ങൾ
C) യഹൂദന്മാരിൽനിന്നുള്ള പീഡനങ്ങൾ.
D) അന്ത്യോഖ്യൻ സഭയുടെ ആധിപത്യം.

**39) കുട്ടികളുടെ കുരിശുയുദ്ധം നടന്നത് ആരുടെ കാലഘട്ടത്തിൽ?**
**A) ഇന്നസെന്റ് മൂന്നാമൻ പാപ്പായുടെ.**
B) ഏർബർ രണ്ടാമൻ പാപ്പായുടെ.
C) യുജിനിയസ് രണ്ടാമൻ പാപ്പായുടെ.
D) ഇന്നസെന്റ് നാലാമൻ പാപ്പായുടെ.

**40) കൂനൻകുരിശു സത്യം നടന്ന വർഷം ഏത്?**
**A) 1653**
B) 1599
C) 1665

D) 1530

**41) 'വചനമായ ദൈവം ശരീരിയായിത്തീർന്നു എന്നു നമ്മുടെ കർത്താവായ യേശുമശിഹായുടെ മനുഷ്യാവതാരത്തെക്കുറിച്ചു സ്പഷ്ടമായി തെളിയിച്ചവൻ' ആര്?**
<u>A) മാർ കൂറീലോസ്</u>
B) മാർ സേവേറിയോസ്
C) മാർ ദിയസ്കോറസ്
D) മാർ പീലക്സിനോസ്

**42) 'ബുർദ്ദാന' എന്ന വാക്കിന്റെ അർത്ഥം?**
<u>A) കീറത്തുണി ഉടുത്തവൻ.</u>
B) ബ്രഹ്മചാരി
C) തൂണിന്മേൽ തപസ്സു ചെയ്തവൻ.
D) ദാനിന്റെ പുത്രൻ.

**43) അറിയോസിന്റെ വേദവിപരീതം എന്തായിരുന്നു?**
<u>A) പുത്രൻ പിതാവിനു സമനല്ല.</u>
B) ഏക സ്വഭാവവാദം.
C) ഇരുസ്വഭാവവാദം.
D) കന്യകമറിയാമിനെ ദൈവമാതാവ് എന്നു വിളിക്കരുത്.

**44) താഴെ പറയുന്നവയിൽ ശരിയായ പ്രസ്താവന തെരഞ്ഞെടുക്കുക.**
<u>A) എല്ലാ പ്രസ്താവനകളും ശരിയാണ്.</u>
B) യേശുക്രിസ്തു ദൈവത്തിന്റെ ഏകജാതനാണ്.
C) ക്രിസ്തു സകലത്തിന്റെയും സ്രഷ്ടാവാണ്.
D) പുത്രൻ മുഖാന്തിരമാണ് പിതാവ് സകലവും സൃഷ്ടിച്ചത്.

**45) സഭയെ സംബന്ധിച്ച് വിശ്വാസപ്രമാണത്തിൽ വെളിപ്പെടുത്തിയിട്ടില്ലാത്ത വിശേഷണം തെരഞ്ഞെടുക്കുക.**
<u>A) പ്രാദേശികം</u>
B) ഏകം
C) വിശുദ്ധം
D) അപ്പൊസ്തോലികം

**46) 'കാതോലികം' എന്ന വാക്കിന്റെ അർത്ഥമെന്ത്?**
<u>A) എല്ലായിടത്തും വ്യാപിച്ചത്.</u>
B) കാതോലിക്കാബാവാ ഭരിക്കുന്നത്.
C) പ്രാദേശികമായ സഭ
D) എല്ലാ ജാതികൾക്കും.

**47) വിശ്വാസപ്രമാണത്തിന്റെ നാലാം ഖണ്ഡികയിൽ പറയാത്തത് തെരഞ്ഞെടുക്കുക.**
<u>A) ന്യായവിധി ഒഴിവാക്കാൻ പറ്റില്ല.</u>
B) മാമോദീസാ ആവർത്തിക്കുവാൻ പാടില്ല.
C) മരിച്ചവർക്ക് പുനരുദ്ധാനം ഉണ്ട്.
D) വരുവാനുള്ള ജീവിതത്തിൽ പുതിയ ജീവൻ ലഭിക്കും.

**48) 'ദൈവത്തിന്റെ ഏകപുത്രനും സർവ്വലോകങ്ങൾക്കും മുമ്പേ പിതാവിൽനിന്നു ജനിച്ചവനും ........................ ........................' അടുത്ത രണ്ടു വാക്കുകൾ തെരഞ്ഞെടുക്കുക.**
<u>A) പ്രകാശത്തിൽനിന്നുള്ള പ്രകാശവും.</u>
B) സത്യദൈവത്തിൽനിന്നുള്ള സത്യദൈവവും.

C) സൃഷ്ടിയല്ലാത്തവനും സമത്വമുള്ളവനും.
D) പിതാവിനോടു സമത്വമുള്ളവനും.

**49) 'ദ്രുതമുണ്ടായൊരു സോദരിമാർ' ആരെല്ലാം?**
**<u>A) ആകാശവും ഭൂമിയും.</u>**
B) പിതാവും പുത്രനും.
C) ആദമും ഹവ്വായും.
D) കായേനും ഹാബേലും.

**50) 'നീയെന്തിനു കരയുന്നാരെ ആരായുന്നു.' ഇതു ചോദിച്ചത് ആര്?**
**<u>A) യേശുക്രിസ്തു</u>**
B) തോട്ടക്കാരൻ
C) മാലാഖ
D) മറിയ